

FRIDAY 05/12/2025 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/12/2025

1. കൃഷിവകുപ്പ് വിവിധ ഫാമുകൾ മുഖേന ക്രിസ്മസ് ട്രീകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. അരക്കേറിയ, തുജാ, ഗോൾഡൻ സൈപ്രസ് എന്നിങ്ങനെയുള്ള നിത്യഹരിത അലങ്കാര വൃക്ഷങ്ങളാണ് ആകർഷകമായ ചട്ടികളിൽ, അലങ്കരിക്കാൻ പാകമായി വളർത്തി, ക്രിസ്മ്സ് ട്രീകളായി കൃഷിവകുപ്പ് ഫാമുകളിലൂടെ വിൽപ്പന നടത്തുന്നത്. വിവിധ ജില്ലകളിലെ 25 ഫാമുകളിലായി രണ്ടായിരത്തോളം ക്രിസ്മസ് ട്രീ തൈകൾ എച്ച്.ഡി.പി.ഇ/മൺചട്ടി എന്നിവയിലാണ് വിതരണത്തിനായി തയ്യാറാക്കിയിരിക്കുന്നത്. ഗോൾഡൻ സൈപ്രസ് – മൂന്നടി ഉയരം – 300 രൂപയും, തുജ – രണ്ട് വർഷം പ്രായമായത് – 500 രൂപയും, അരക്കേറിയ – നാലടി ഉയരം – 400 രൂപ എന്നീ നിരക്കിലാണ് വില്പനയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. **ആലപ്പുഴ ജില്ലയിൽ** മാവേലിക്കര ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, ഫോൺ നമ്പർ 9383470691. **കോട്ടയം ജില്ലയിൽ** കോഴ ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, ഫോൺ നമ്പർ 9383470721, കോഴ സ്റ്റേറ്റ് സീഡ് ഫാം, ഫോൺ നമ്പർ 9383470719,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**ഇടുക്കി ജില്ലയിൽ** വണ്ടിപ്പെരിയാർ സ്റ്റേറ്റ് വെജിറ്റബിൾ ഫാം, ഫോൺ നമ്പർ 9383470834 എന്നീ ഫാമുകളിൽ ലഭ്യമാണ്.

2. കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ 10 വർഷം വരെ അംശാദായ കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ടവർക്ക് പിഴ സഹിതം കുടിശ്ശിക അടച്ച് അംഗത്വം പുനഃസ്ഥാപിക്കാൻ അവസരം. കുടിശ്ശിക വരുത്തിയ ഓരോ വർഷത്തിനും പിഴയായി 10 രൂപ നിരക്കിൽ ഡിസംബർ 10 വരെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിലെത്തി കുടിശ്ശിക അടച്ച് അംഗത്വം പുനഃസ്ഥാപിക്കാം. കുടിശ്ശിക അടയ്ക്കാൻ ആധാർകാർഡ്, ബാങ്ക് പാസ്സുക്ക് എന്നിവയുടെ പകർപ്പും ഫോട്ടോയും നൽകണം. അംഗത്വം പുനഃസ്ഥാപിച്ചാലും കുടിശിക വരുത്തിയ കാലഘട്ടത്തിലുള്ള പ്രസവ, വിവാഹ, ചികിത്സാ ആനുകൂല്യങ്ങൾ, വിദ്യാഭ്യാസ അവാര്ഡ്, ക്ഷേമ-ആനുകൂല്യങ്ങൾ എന്നിവയ്ക്ക് അർഹതയുണ്ടാവില്ല. 60 വയസ് പൂർത്തിയായ തൊഴിലാളികൾക്ക് അംഗത്വം പുനഃസ്ഥാപിക്കാൻ അവസരമില്ലെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരള കാർഷിക സർവ്വകലാശാല നടത്തിവരുന്ന അഗ്രികൾച്ചറൽ സയൻസ്, ഓർഗാനിക് അഗ്രികൾചർ എന്നീ ദ്വിവത്സര ഡിപ്ലോമ കോഴ്സുകളിലേക്കുള്ള 2025-26 അധ്യയന വർഷത്തെ ഒഴിവുള്ള സീറ്റുകളിലേക്ക് ഇന്ന് (05/12/2025 വെള്ളിയാഴ്ച ) സ്പോട്ട് അഡ്മിഷൻ നടത്തുന്നു. KEAM 2025 റാങ്ക് ലിസ്റ്റിൽ **ഉൾപ്പെട്ടിട്ടുള്ള അപേക്ഷാർത്ഥികൾക്കും അവസരം ഉണ്ടായിരിക്കും.** വിശദവിവരങ്ങൾക്ക് കേരള കാർഷിക സർവകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ നമ്പർ 0487 2438139

4. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED) **മൂല്യവർധിത പാലുൽപ്പന്നങ്ങൾ** എന്ന വിഷയത്തിൽ ഇന്ന് രാവിലെ 11 മണിക്ക് വെബിനാർ നടത്തുന്നു. സംരംഭകർക്കും, വിദ്യാർത്ഥികൾക്കും, ഭക്ഷ്യ സംസ്കരണത്തിൽ താൽപ്പര്യമുള്ള ആർക്കും പങ്കെടുക്കാവുന്നതാണ് . കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0484 2532890, 7994903058.

ff



5. റബ്ബർതോട്ടങ്ങളിൽ വേനൽകാലത്ത് നടപ്പാക്കേണ്ട സംരക്ഷണ നടപടികളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് **ഇന്ന് (2025 ഡിസംബർ 05 വെള്ളിയാഴ്ച) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ** ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 04812576622.

## പരിശീലന പരിപാടി

6. കാർഷിക മേഖലയിൽ ഡ്രോൺ ഉപയോഗിച്ചുള്ള വളം, സൂക്ഷ്മമൂലക പ്രയോഗം എന്നിവ വ്യാപകമായി നടന്നുവരികയാണ്. അസാപ്പ് കേരള കാസർഗോഡ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ വച്ച് നടത്തുന്ന ഡിസംബർ മാസത്തെ ഡ്രോൺ പരിശീലനത്തിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. ഡിസംബർ മാസത്തിലെ ബാച്ചിൽ ഫീസിളവോടുകൂടി 5 ദിവസത്തെ സ്മാൾ കാറ്റഗറി ഡ്രോൺ പരിശീലനം നേടാം. 5 ദിവസത്തെ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ നൽകുന്ന 25കിലോഗ്രാം വരെ ഭാരമുള്ള ഡ്രോൺ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉപയോഗിക്കാനുള്ള ലൈസൻസ് ലഭിക്കും.താല്പര്യമുള്ളവർ 9447326319 എന്ന നമ്പറിൽ ബന്ധപെടുക.

7. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷന് സെന്ററിൽ **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ₹550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രവൃത്തി ദിവസങ്ങളിൽ 8547070773 എന്ന ഫോണ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ് .

8. **കാർഷിക നിർദേശം**

നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇല കരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. നെല്ലിനെ ബാധിക്കുന്ന രോഗങ്ങളേയും കീടങ്ങളേയും ചെറുത്തു നിൽക്കാനായി നെൽപ്പാടങ്ങളിൽ ജൈവവളം കൂടുതൽ ഉപയോഗിക്കുക. ഇതോടൊപ്പം ജൈവികകീട നിയന്ത്രണ മാർഗങ്ങളായ മുട്ടക്കാർഡുകൾ, സ്യൂഡോമോണസ് എന്നിവ ഉപയോഗിക്കുന്നതും നല്ലതാണ്. നെല്ലിലെ തവിട്ട് പുള്ളികുത്ത് രോഗം,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബ്ലാസ്റ്റ്, ബാക്ടീരിയൽ ഇലകരിച്ചിൽ എന്നീരോഗങ്ങൾക്ക് മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം